## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2256 — 8.3.2017 -ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിക്കായുള്ള ബി.ആർ.ഡി.സി. എന്നാണ് രൂപീകരിച്ചത്; | എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതിക്കായുള്ള ബി.ആർ.ഡി.സി. 1995-ൽ രൂപീകരിച്ചു. |
| ബി) | ബി.ആർ.ഡി.സി.ക്ക് നിലവിൽ എത്ര രൂപയാണ് വർഷത്തിൽ വരുമാനമായി ലഭിക്കുന്നത്; ഇപ്പോൾ നീക്കിയിരുപ്പായി എത്ര തുകയുണ്ട്; | ബി) | ബി.ആർ.ഡി.സി.ക്ക് നിലവിൽ 3,82,99,526/- രൂപയാണ് വർഷത്തിൽ വരുമാനമായി ലഭിക്കുന്നത്. 31.3.2016 ന് ബി.ആർ.ഡി.സിയുടെ നീക്കിയിരുപ്പ് (അൺ ഓഡിറ്റഡ്) 3,42,82,541/- രൂപയാണ്. |
| സി) | ബി.ആർ.ഡി.സി. ചെലവഴിക്കുന്ന തുക ഓഡിറ്റിന് വിധേയമാക്കാറുണ്ടോ; എങ്കിൽ ആരാണ് ഓഡിറ്റ് ചെയ്യുന്നത്; | സി) | ബി.ആർ.ഡി.സി. ചെലവഴിക്കുന്ന തുക മൂന്ന് തലങ്ങളിലായി ഓഡിറ്റിംഗിന് വിധേയമാണ്.<br>1) ഇന്റേണൽ ഓഡിറ്റ് 2) സി ആന്റ് എ ജി നിയമിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനം വഴിയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 3) അക്കൗണ്ടന്റ് ജനറൽ (കേരള) നേരിട്ട് നടത്തുന്ന ഓഡിറ്റുകൾ |
| ഡി) | ഇനി എത്ര വർഷത്തെ ചെലവിനങ്ങൾ ഓഡിറ്റ് ചെയ്യാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | ഡി) യും ഇ) യും | 2014-15 മുതലുള്ള മൂന്ന് വർഷത്തെ ഇന്റേണൽ ഓഡിറ്റിംഗ് ചെയ്യാനുണ്ട്. എന്നാൽ 2014-15 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് M/s. ജാക്ക്സ് & അസോസിയേറ്റ്സ്, തിരുവനന്തപുരം തുടങ്ങി അവസാനതലത്തിൽ എത്തിയതുകൊണ്ട് അതിനുമുമ്പ് നടത്തേണ്ടിയിരുന്ന ഇന്റേണൽ ഓഡിറ്റിംഗ് ചെയ്യാൻ സാധിച്ചിട്ടില്ല. 2015-16, 2016-17 വർഷങ്ങളിലെ ഇന്റേണൽ ഓഡിറ്റിംഗിന് M/s. വെങ്കിടാചലം & അസോസിയേറ്റ്സിനെ 12.1.2017 ന് നിയമിച്ചിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ഇന്റേണൽ ഓഡിറ്റിംഗ് തീരുന്ന മുറയ്ക്ക് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും അക്കൗണ്ടന്റ് ജനറൽ (കേരള) ഓഡിറ്റിംഗിനും വേണ്ട നടപടികൾ ഉണ്ടാവുന്നതാണ്. |
| ഇ) | ഓഡിറ്റ് ചെയ്യാനുള്ള കാലതാമസത്തിനുണ്ടായ കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ